- തൊടുപുഴ പ്ലാന്റ് ഉടൻ പ്രവർത്തനസജ്ജമാകും

കേരള ഫീഡ്സിന് ലക്ഷ്യം ₹500 കോടി വിറ്റുവരവ്

- അസംസ്കൃത വസ്തുക്കളുടെ വാങ്ങൽ ചെലവ് കുറയ്ക്കാൻ നടപടിയെടുക്കും

അനിൽകുമാർ ശർമ്മ

കൊച്ചി: സംസ്ഥാന പൊതുമേഖലാ കാലിത്തീറ്റ നിർമ്മാണ കമ്പനിയായ കേരള ഫീഡ്സ് ലിമിറ്റഡ് 2020-21 സാമ്പത്തിക വർഷത്തോടെ 500 കോടി രൂപയുടെ വിറ്റുവരവ് ലക്ഷ്യമിടുന്നു. 2017-18ൽ 375 കോടി രൂപയായിരുന്നു വിറ്റുവരവ്. നടപ്പുവർഷം ഇത് 400 കോടി രൂപ കടക്കുമെന്നാണ് പ്രതീക്ഷ. 74 കോടി രൂപ നിക്ഷേപത്തോടെ തൊടുപുഴയിൽ സ്ഥാപിക്കുന്ന, കമ്പനിയുടെ നാലാമത്തെ പ്ലാന്റിന്റെ പ്രവർത്തനം രണ്ടു മാസത്തിനകം നടക്കും. അതോടെ, വിറ്റുവരവിൽ വൻ കുതിപ്പ് നേടാനാകുമെന്ന് മാനേജിംഗ് ഡയറക്ടർ ഡോ.ബി. ശ്രീകുമാർ പറഞ്ഞു.

500 ടണ്ണാണ് തൊടുപുഴ പ്ലാന്റിന്റെ ഉത്പാദനശേഷി. തൃശൂർ കല്ലേറ്റുംകര, കരുനാഗപ്പള്ളി, കോഴിക്കോട് എന്നിവിടങ്ങളിലാണ് നിലവിലെ പ്ലാന്റുകൾ. യൂറോപ്യൻ സാങ്കേതികവിദ്യയുള്ള പ്ലാന്റുകളുടെ 95 ശതമാനം പ്രവർത്തനവും യന്ത്രകേന്ദ്രീകൃതമാണ്. 650 ടൺ ശേഷിയുള്ള കല്ലേറ്റുംകര പ്ലാന്റാണ് വലുത്. കരുനാഗപ്പള്ളിയിലും കോഴിക്കോട്ടും ശേഷി 300 ടൺ വീതം. ദിവസേന 15 ലിറ്ററിലേറെ പാൽ തരുന്ന പശുക്കൾക്കുള്ള എലൈറ്റ്, 10 ലിറ്ററിനുമേൽ പാൽ തരുന്ന പശുക്കൾക്കുള്ള മിടുക്കി, 10 ലിറ്ററിന് താഴെ കറവയുള്ള പശുക്കൾക്കുള്ള റിച്ച് എന്നീ കാലിത്തീറ്റ ബ്രാൻഡുകളാണ് കമ്പനിക്കുള്ളത്.

ഉന്നത ഗുണനിലവാരവും ഉയർന്ന പ്രോട്ടീനുമാണ് ഇവയുടെ പ്രത്യേകതയെന്ന് ചെയർമാൻ കെ.എസ്. ഇന്ദുശേഖരൻ നായർ പറഞ്ഞു. റിച്ചിന് 1,070 രൂപ, മിടുക്കിക്ക് 1,095 രൂപ, എലൈറ്റിന് 1,175 രൂപ എന്നിങ്ങനെയാണ് വില. 50 കിലോഗ്രാമിന്റെ ചാക്കുകളാണ് വിപണിയിലെത്തിക്കുന്നത്. 2015-18 കാലയളവിൽ അസംസ്കൃത വസ്തുക്കളുടെ വില 35 ശതമാനം വരെ കൂടിയത് കമ്പനിക്ക് വലിയ തിരിച്ചടിയായി. നഷ്ടം ക്ഷീരകർഷകരിലേക്ക് അടിച്ചേല്പിക്കാതിരിക്കാനായി കാലിത്തീറ്റയുടെ വില കമ്പനി കൂട്ടിയിരുന്നില്ല. എന്നാൽ, ഈമാസം ഒമ്പതിന് ചാക്കിന് 25 രൂപ കൂട്ടി. എന്നിട്ടും ചാക്കിന് ശരാശരി 60 രൂപയുടെ നഷ്ടം കമ്പനി നേരിടുന്നുണ്ട്.

അസംസ്കൃത വസ്തുക്കളായ ചോളം, തവിട്, പരുത്തിക്കുരു തുടങ്ങിയവ കേരളത്തിന് പുറത്തുനിന്നാണ് കമ്പനി വാങ്ങുന്നത്. 2017-18ൽ കമ്പനിയുടെ മൊത്തം ചെലവിൽ 83 ശതമാനവും അസംസ്കൃത വസ്തുക്കൾ വാങ്ങാനായിരുന്നു. നടപ്പുവർഷം ഇത് 90 ശതമാനം ആയിട്ടുണ്ട്. ഇ-ടെൻഡറിലൂടെയാണ് ഇപ്പോൾ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നത്. ദീർഘകാല കരാറിലേർപ്പെട്ട് വാങ്ങൽച്ചെലവ് കുറയ്ക്കുന്നത് ആലോചനയിലുണ്ടെന്ന് ഡോ. ബി. ശ്രീകുമാർ പറഞ്ഞു.

മിടുക്കി
KERALA FEEDS LTD.

നഷ്ടം ₹10 കോടിയിലേക്ക്

കേരള ഫീഡ്സിന്റെ മൊത്തം പ്രവർത്തന നഷ്ടം 72 കോടി രൂപയാണ്. 2016-17ൽ 32 കോടി രൂപയുടെ നഷ്ടം കമ്പനി രേഖപ്പെടുത്തി. 2017-18ൽ ഇത് രണ്ടു കോടി രൂപയായി കുറഞ്ഞു. നടപ്പുവർഷം ലാഭത്തിലേറുമെന്ന് പ്രതീക്ഷിച്ചെങ്കിലും പ്രളയം തിരിച്ചടിയായി. നടപ്പുവർഷം ഏപ്രിൽ-ജൂണിൽ 75 ലക്ഷം രൂപയുടെ ലാഭമുണ്ടായിരുന്നു. ജൂലായ്-ഡിസംബർ കാലയളവിൽ പ്രളയംമൂലം പത്തു കോടി രൂപയുടെ നഷ്ടമുണ്ടായി. ഈവർഷം ആകെ പ്രതീക്ഷിക്കുന്ന നഷ്ടം പത്തു കോടി രൂപ.

ക്ഷീരകർഷകർക്ക് വായ്പ

എസ്.ബി.ഐയുമായി സഹകരിച്ച് സംസ്ഥാനത്തെ ക്ഷീരകർഷകർക്ക്, സൊസൈറ്റികൾ വഴി വായ്പാസഹായം നൽകാൻ കേരള ഫീഡ്സ് ആലോചിക്കുന്നുണ്ട്. രണ്ടുമാസത്തിനകം പദ്ധതി നടപ്പാക്കുമെന്ന് മാനേജിംഗ് ഡയറക്ടർ ഡോ.ബി. ശ്രീകുമാർ 'കേരളകൗമുദി'യോട് പറഞ്ഞു. പശുക്കളുടെ എണ്ണത്തിന് അനുസരിച്ച് വായ്പാത്തുക നിശ്ചയിക്കും. ക്ഷീരമേഖലയുടെ വികസനമാണ് ലക്ഷ്യം. 8.9 ശതമാനമായിരിക്കും പലിശ.

4,000 ടൺ

അഞ്ചുലക്ഷത്തോളം ക്ഷീരകർഷകരുണ്ട് കേരളത്തിൽ. പ്രതിദിനം 4,000 ടൺ കാലിത്തീറ്റ കേരളത്തിൽ വിറ്റഴിയുന്നു. ഇതിൽ 1,000-1,200 ടൺ വിഹിതമാണ് കേരള ഫീഡ്സിനുള്ളത്.

3,500 ഡീലർമാർ

കേരളം മാത്രമാണ് കേരള ഫീഡ്സിന്റെ വിപണി. 3,500 ഡീലർമാരുണ്ട്. തൊടുപുഴ പ്ലാന്റ് തുറക്കുന്നതോടെ മറ്റ് സംസ്ഥാനങ്ങളിലേക്കും ചുവടുവയ്ക്കും.

ജീവകാരുണ്യം: ₹52,000 കോടി സംഭാവന നൽകി അസീം പ്രേംജി

മുംബയ്: ഇന്ത്യയിലെ ഏറ്റവും വലിയ ഐ.ടി കമ്പനികളിലൊന്നായ വിപ്രോയുടെ ചെയർമാൻ അസീം പ്രേംജി, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 52,750 കോടി രൂപ (750 കോടി ഡോളർ) നീക്കിവയ്ക്കുന്നു. കമ്പനിയുടെ ഓഹരി വരുമാനത്തിന്റെ 34 ശതമാനമാണ് അദ്ദേഹം സ്ഥാപിച്ച അസീം പ്രേംജി ഫൗണ്ടേഷന് വേണ്ടി മാറ്റിവയ്ക്കുന്നത്. ഇന്ത്യയുടെ ചരിത്രത്തിൽ തന്നെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യപ്പെടുന്ന ഏറ്റവും വലിയ തുകയാണിത്.

ആദ്യമായല്ല, അസീം പ്രേംജി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തുന്നത്. ഇതുവരെ വിവിധഘട്ടങ്ങളിലായി വിപ്രോയുടെ 67 ശതമാനം (ഏകദേശം 1,46,000 കോടി രൂപ) വിഹിതം അസീം പ്രേംജി ഫൗണ്ടേഷനായി അദ്ദേഹം വകയിരുത്തിയിട്ടുണ്ട്. വിപ്രോ കമ്പനിയുടെ 74.30 ശതമാനം ഓഹരികളും അസീം പ്രേംജിയുടെയും കുടുംബത്തിന്റെയും അധീനതയിലാണ്.

വിദ്യാഭ്യാസ മേഖലയിലൂന്നിയാണ് അസീം പ്രേംജി ഫൗണ്ടേഷന്റെ പ്രധാന പ്രവർത്തനം. ഇന്ത്യൻ ഗ്രാമങ്ങളിലെ നിർദ്ധന കുടുംബങ്ങളിലെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി ഗ്രാന്റ് നൽകുന്നുണ്ട്. കർണാടക, ഉത്തരാഖണ്ഡ്, രാജസ്ഥാൻ, ഛത്തീസ്ഗഢ്, പുതുച്ചേരി, തെലങ്കാന, മദ്ധ്യപ്രദേശ്, വടക്ക-കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലാണ് പ്രധാന പ്രവർത്തനം. ബംഗളൂരുവിൽ അസീം പ്രേംജി സർവകലാശാലയും ഫൗണ്ടേഷൻ സ്ഥാപിച്ചിട്ടുണ്ട്.

₹1.46 ലക്ഷം കോടി

ആദ്യമായല്ല അസീം പ്രേംജി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി വൻതുക നീക്കിവയ്ക്കുന്നത്. ഇതുവരെ 1.46 ലക്ഷം കോടി രൂപയാണ് അദ്ദേഹം അസീം പ്രേംജി ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നത്. പ്രേംജിയുടെ സംഭാവന മാറ്റിവച്ചാൽ, ഇന്ത്യൻ ജീവകാരുണ്യ മേഖലയിൽ ശതകോടീശ്വരന്മാരുടെ സംഭാവന കുറയുകയാണ്. 2014 മുതൽ 2018 വരെ ശതകോടീശ്വരന്മാരുടെ സംഭാവനയിലുണ്ടായ ഇടിവ് നാല് ശതമാനമാണ്.

ആംസ്ട്രാഡ് നെക്സ്റ്റ് ജനറേഷൻ എ.സി ഇന്ത്യൻ വിപണിയിൽ

കൊച്ചി: ഒ.വി.ഒ.ടി പ്രൈവറ്റ് ലിമിറ്റഡിന്റെ ആദ്യ ബ്രാൻഡായ ആംസ്ട്രാഡ് എ.സികൾ ഇന്ത്യൻ വിപണിയിലെത്തി. പുത്തൻ തലമുറ, നൂതന സാങ്കേതികവിദ്യയുള്ള എ.സികൾക്ക് 26,990 രൂപ മുതലാണ് വില. ലക്ഷ്വറി ശ്രേണിയിലെത്തുന്ന ഈ ഇൻവെർട്ടർ എ.സികൾ സ്മാർട്ട് വൈ-ഫൈ ഉപയോഗിച്ച് പ്രവർത്തിപ്പിക്കാം. ലോകത്തെവിടെ നിന്നും എ.സി ഓപ്പറേറ്റ് ചെയ്യാനും ഇതു സഹായിക്കും.

60 ഡിഗ്രി ചൂടിൽ വരെ എ.സി കട്ട് ആകാതെ പ്രവർത്തിക്കുമെന്ന പ്രത്യേകതയുണ്ട്. 130 മുതൽ 270 വോൾട്ടുവരെ കാര്യക്ഷമതയോടെ പ്രവർത്തിക്കാനാകും വിധമാണ് രൂപകല്പന. അതിനാൽ, സ്റ്റബിലൈസർ ഉപയോഗിക്കേണ്ടതില്ല. ലോകോത്തര നിലവാരമുള്ള വില്പനാനന്തര സേവനവും ആംസ്ട്രാഡ് വാഗ്ദാനം ചെയ്യുന്നു. സേവനത്തിന്റെ ഓരോഘട്ടത്തിലും ഉപഭോക്താവിന് വിവരങ്ങൾ നൽകുകയും നേരിട്ട് ബന്ധപ്പെട്ട് സംതൃപ്തി ഉറപ്പാക്കുകയും ചെയ്യും. 5 സ്റ്റാർ, 3 സ്റ്റാർ റേറ്റിംഗിൽ ഒന്ന്, 1.5, രണ്ടുടൺ വീതം ശേഷിയുള്ള ഇൻവെർട്ടർ, നോൺ-ഇൻവെർട്ടർ എ.സികളാണ് വിപണിയിലെത്തിച്ചത്. അഞ്ചുവർഷത്തെ ഫുൾ വാറന്റിയും ലഭിക്കും.

ലോകോത്തര ബ്രാൻഡുകൾ നൂതന സാങ്കേതികവിദ്യയോട് കൂടി ഇന്ത്യൻ ഉപഭോക്താക്കൾക്ക് താങ്ങാവുന്ന വിലയിൽ ലഭ്യമാക്കുകയാണ് ഒ.വി.ഒ.ടിയുടെ ലക്ഷ്യമെന്ന് മാനേജിംഗ് ഡയറക്ടറും സി.ഇ.ഒയുമായ നിപുൻ സിംഗാൾ പറഞ്ഞു.

AMSTRAD

വിനിമയനിരക്ക്

കറൻസി	സെൽ	ബയിംഗ്
ഡോളർ	69.41	69.32
യൂറോ	78.47	78.39
പൗണ്ട്	92.08	91.98
സ്വിസ് ഫ്രാങ്ക്	69.13	69.01
സിംഗപ്പൂർ ഡോളർ	51.19	51.10
ആസ്ട്രേലിയ ഡോളർ	48.95	48.90
കനേഡിയൻ	52.05	51.97
ബഹ്റിൻ ദിനാർ	183.98	
കുവൈറ്റ് ദിനാർ	228.25	
ഒമാനി റിയാൽ	180.14	
സൗദി റിയാൽ	18.49	
യു. എ. ഇ. ദിർഹം	18.88	
ഖത്തർ റിയാൽ	19.04	

കമ്പോളനിലവാരം

കൊച്ചി	
വെളിച്ചെണ്ണ മില്ലിംഗ്	16,700
വെളിച്ചെണ്ണ	15,100
കൊപ്ര	9985-10,600
പിണ്ണാക്ക് എക്സ്പെല്ലർ	1900
പിണ്ണാക്ക് റോട്ടറി	2900
കുരുമുളക്	
ചേറ്റാത്തത്	33,000
കുരുമുളക് പുതിയത്	31,500
കുരുമുളക് ചേറ്റിയത്	35,000
പുതിയ ചുക്ക്	--
ചുക്ക് മീഡിയം	23,000
ചുക്ക് ബെസ്റ്റ്	26,500
മഞ്ഞൾ	12,500
സേലം-ഈറോഡ്	7500-8200
കാഞ്ഞിരക്കുരു	1850
അടയ്ക്ക	
പുതിയത്	20,000-21,000
അടയ്ക്ക പഴയത്	--
പഞ്ചസാര	3560
വറ്റൽമുളക്	10,500-13,000
ഉഴുന്ന്	6300-7800
ചെറുപയർ	6800-7400
കടല	5500-6000
മുതിര	4200
എള്ള്	9500-10000
മല്ലി	6800-10,200
പച്ചരി നമ്പർ-2	2900
പുഴക്കലരി (ജയ)	2800-2900
ഗ്രാമ്പു	725
പാം ഓയിൽ	6100
ജാതിക്ക	
തൊണ്ടൻ	225-260
തൊണ്ടില്ലാത്തത്	440-450
ജാതിപത്രി ചുവപ്പ്	800-900
പൈനാപ്പിൾ	
പച്ച	25.00
പഴം	30.00
സ്പെഷ്യൽ	27.00
റബർ	
ആർഎസ്എസ്4	12,700
ആർഎസ്എസ്-5	11,700-12,300
ഒട്ടുപാൽ	9300
ലാറ്റക്സ്	8100
കോട്ടയം	
ആർ.എസ്.എസ്4	123.50
ആർ.എസ്.എസ്5	120.00
തരംതിരിക്കാത്തത്	109.50
ഒട്ടുപാൽ	85.00
റബർ ബോർഡ്	
ആർ.എസ്.എസ്4	12750.00
ആർ.എസ്.എസ്5	12400.00
തരംതിരിക്കാത്തത്	12300.00
ഒട്ടുപാൽ	8240.00
ബാങ്കോക്ക്	
ആർ.എസ്.എസ്1	12717
ആർ.എസ്.എസ്2	12585
ആർ.എസ്.എസ്3	12464
ആർ.എസ്.എസ്4	11398
ആർ.എസ്.എസ്5	12299
കോലാലമ്പൂർ	
(ബ്രായ്ക്കറ്റിൽ ഡോളർ വില)	
എസ്.എം.ആർ 20	10391.00 (149.25)
60% ലാറ്റക്സ്	8418(120.90)
വെളിച്ചെണ്ണ	184.00
കൊപ്ര	121.00
ശർക്കര (മറയൂർ)	68.00
ശർക്കര (പാണ്ടി)	50.00
കാപ്പി	116.00
കണ്ണൂർ	
കൊപ്രക്വിന്റൽ	10200
വെളിച്ചെണ്ണ	
ടിൻ	2690
കിലോ	182
ലിറ്റർ	171
പിണ്ണാക്ക്ക്വിന്റൽ	2500
തേങ്ങക്വിന്റൽ	3200
ആലപ്പുഴ	
വെളിച്ചെണ്ണ മില്ലിംഗ്	16,000
വെളിച്ചെണ്ണ	15,100
കൊപ്ര	10,100
,,	10,150
,,	10,200
തൃശൂർ	
വെളിച്ചെണ്ണ (മില്ലിംഗ്)	16000
തയ്യാർ	15000
കൊപ്ര	10350
നാളികേരം	3375
തേങ്ങപിണ്ണാക്ക്	1900
നല്ലെണ്ണ	3200
കടലെണ്ണ	2200
എള്ളിൻപിണ്ണാക്ക്	3700
വെള്ളി	430
അടയ്ക്ക അമല	
പഴയത്	4000-4500
പുതിയത്	4100-4650
രണ്ടാംതരം	2500-2700
കൊക്കാല	
പഴയത്	4000-4600
പുതിയത്	4000-4500
രണ്ടാംതരം	1000-2500
പഴഞ്ഞി	
പഴയത്	4500-4900
പുതിയത്	4000-4500
രണ്ടാംതരം	--
നെടുമങ്ങാട്	
റബർ	114
ഒട്ടുപാൽ	78
തേങ്ങ	37
കുരുമുളക്	260
കുരുമുളക് (പച്ച)	105
കൊട്ടപ്പാക്ക്	180
വരവുമേനി	180
ജാതിക്ക	180
ജാതിപരിപ്പ്	380
ജാതിപത്രി	800
ഗ്രാമ്പ്	500
കാപ്പി	95
കൊക്കോ	12
കശു അണ്ടി	100
സ്വർണം	
കൊച്ചി(8ഗ്രാം)	24,040
ഒരുഗ്രാം	3005
വെള്ളി	
തിരുവനന്തപുരം	44,440
കൊച്ചി	44,440

മൊത്തവില നാണയപ്പെരുപ്പവും ഉയർച്ചയുടെ പാതയിൽ

കൊച്ചി: റീട്ടെയിൽ നാണയപ്പെരുപ്പത്തിന് പിന്നാലെ മൊത്തവില സൂചിക അടിസ്ഥാനമാക്കിയുള്ള നാണയപ്പെരുപ്പവും മേലോട്ട്. ജനവരിയിൽ പത്തുമാസത്തെ താഴ്ചയായ 2.76 ശതമാനമായിരുന്ന മൊത്തവില നാണയപ്പെരുപ്പം കഴിഞ്ഞമാസം 2.93 ശതമാനമായി ഉയർന്നു. ഭക്ഷ്യ, ഇന്ധന വിലകൾ കുത്തനെ കൂടിയതാണ് കഴിഞ്ഞമാസം തിരിച്ചടിയായത്. 1.84 ശതമാനത്തിൽ നിന്ന് 3.29 ശതമാനമായാണ് ഭക്ഷ്യവിലപ്പെരുപ്പം കൂടിയത്.

റിസർവ് ബാങ്ക് മുഖ്യ പലിശനിരക്കുകൾ പരിഷ്കരിക്കാൻ മാനദണ്ഡമാക്കുന്ന റീട്ടെയിൽ നാണയപ്പെരുപ്പം ജനവരിയിലെ 1.97 ശതമാനത്തിൽ നിന്ന് 2.57 ശതമാനത്തിലേക്ക് ഉയർന്നിരുന്നു. റീട്ടെയിൽ, മൊത്തവില സൂചികകൾ വീണ്ടും വർദ്ധനയുടെ ട്രാക്കിലേറിയതിനാൽ അടുത്ത മാസം നടക്കുന്ന ധനനയ നിർണയ യോഗത്തിൽ റിസർവ് ബാങ്ക് പലിശനിരക്ക് കുറയ്ക്കാനുള്ള സാദ്ധ്യത മങ്ങി. ഭക്ഷ്യ, ഇന്ധനവിലകൾ കുത്തനെ കൂടുന്നതാണ് റിസർവ് ബാങ്കിനെ ഏറ്റവും ആശങ്കപ്പെടുത്തുന്നത്.

രൂപ 7 മാസത്തെ ഉയരത്തിൽ

ഡോളറിനെതിരെ രൂപയുടെ മുന്നേറ്റം തുടരുന്നു. ഇന്നലെ 18 പൈസ വർദ്ധിച്ച്, ഏഴ് മാസത്തെ ഉയരമായ 69.35 ലാണ് രൂപ വ്യാപാരം അവസാനിപ്പിച്ചത്. ഓഹരി വിപണിയിലേക്ക് വൻതോതിൽ വിദേശ നിക്ഷേപം ഒഴുകുന്നതാണ് രൂപയ്ക്ക് നേട്ടമാകുന്നത്.

SCRIP	BSE	NSE
ABB	1307.200	1309.600
ACC	1539.800	1539.300
Adani Power	50.900	51.150
AKSHOPTICAL	20.150	20.150
AMARAJA	747.450	746.500
ANDHARA BANK	26.350	26.400
APPOLOHOS	1131.800	1131.950
ARVINDMILL	94.700	94.650
ASHOKLEY	93.800	93.950
ASIANPNT	1434.050	1434.750
AXISBANK	740.450	740.600
BAJAJAUTO	3010.500	3016.850
BANKOFBARODA	116.600	116.550
BATAIND	1363.700	1364.300
BEML	970.400	969.750
BFLSOFT	958.200	958.500
BHARTI	342.850	342.400
BIOCON	618.400	617.500
BOMBDYE	139.850	140.050
BPCL	390.350	390.300
BRITANNIA	3149.900	3149.400
BSES	124.900	125.000
CANARABANK	262.300	262.000
CEAT	1151.550	1151.200
CENTURY TEXT	891.900	891.050
CHENNAIPETRO	264.300	263.950
CIPLA	533.550	532.750
COLGATE	1280.500	1282.400
D-LINK	87.900	85.900
DABUR	438.950	438.900
DIVIS LAB	1694.250	1694.500
DRREDDY	2653.650	2647.900
DWARKESH SUGAR	29.750	29.900
EIHOTEL	204.800	204.950
ENGGINDIA	114.350	114.150
ESCORTS	800.850	799.750
Euro Multivision Ltd	1.760	0.600
Excel Infoways Ltd	1.740	1.700
FINLXCABLE	469.800	471.550
GAIL	354.400	353.600
GARDEN SILK	22.250	22.350
GESHIPP	288.500	288.850
GLAXO	1310.200	1313.400
GLENMARK	630.400	631.100
GLOBALTELE	5.460	5.500
Globus Spirits Ltd	144.000	143.550
GNFC	311.000	310.600
GODREJS	715.250	715.050
GRASIM	833.050	832.900
GUJAMBCEM	224.650	224.150
HCLINFO	21.100	21.150
HDFC	1957.850	1956.950
HDFCBNK	2223.250	2224.750
HEROHONDA	2755.350	2751.700
HINDALCO	201.250	200.750
HINDLEVER	1737.350	1737.300
HINDUJAFUN	351.250	350.550
HMCHLFUT	23.750	23.700
HOTLLEELA	10.990	11.000
HPCL	267.350	267.150
HUGHSTELE	3.400	3.350
I-FLEX	3378.200	3380.500
ICICIBANK	387.900	387.900
IDBI	43.100	43.000
INDHOTEL	149.800	149.950
INDIACEM	101.650	101.550
INFOSYS	708.350	708.350
INFOTECH ENT	674.300	674.450
IOB	14.500	14.550
IOC	151.400	151.100
ITC	295.450	295.500
Jindal Cotex Ltd	4.750	4.600
KALECONSULT	939.850	934.850
KARUR VYSYA BANK	71.200	71.300
KOPRAN	41.300	41.150
KOTAKM	1270.500	1268.950
L&T	1379.300	1379.750
LICHSGFIN	511.950	511.850
LUPINCHEM	766.600	764.200
LYKALAB	25.850	25.700
M&M	685.700	685.900
MAHABANK	13.430	13.400
Mahindra Holidays	244.400	245.150
MARUTI	7086.800	7086.300
MAXIND	435.900	435.950
MCDOWEL	586.300	586.000
MELSTAR	0.000	1.150
MIDDAY	26.600	26.650
MRF	57205.350	57161.450
MROTECH	39.400	39.300
MTNL	13.380	13.450
MUKTAARTS	42.450	41.800
NAICHOLAS	2654.050	2651.550
NATHSEED	5.520	0.000
NEYBELI	72.850	73.000
NHPC Ltd	24.800	24.750
NIIT	91.900	92.000
NTPC	153.800	153.650
OBC	99.700	99.700
Oil India Ltd (OIL)	178.700	178.650
ONGC	151.350	151.050
ONWARDTECI	59.750	59.550
ORCHIDCHEM	6.150	6.000
PANACEABIO	195.500	195.150
PENTSOFT	0.370	0.000
PETRONET	237.550	237.550
PFIZER	3155.250	3150.250
Pipavav Shipyard	10.330	10.350
PRYACEM	110.450	110.250
PTC	78.050	78.000
RAMCOSYS	262.500	262.550
RELCAP	171.950	172.000
RELIANCE	1341.200	1341.550
ROLTA	8.940	8.800
SAB	5.150	5.050
SAIL	52.700	52.700
SARIGAMA	601.400	602.950
SBI	291.150	291.900
SCI	37.300	37.400
SHYAMTELE	7.950	0.000
SIEMENS	1036.850	1036.850
SKFBEAR	1948.750	1941.450
SMITHKLC	7183.750	7182.500
SSI	3.730	3.700
STROPTICAL	258.050	258.200
SUNPHARMA	467.100	466.150
SYNDIBANK	38.850	38.900
Tata Communications	607.700	608.300
TATACHEM	576.500	577.900
TATAELXSI	949.700	950.050
TATAPOWER	73.000	73.050
TATATEA	206.400	206.200
TCS	1988.600	1987.400
TELCO	179.700	179.550
THERMAX	1030.300	1028.350
THMCOOK	222.600	222.000
TIPSINDIA	67.150	68.050
TISCO	517.800	517.650
TITANIND	1084.850	1086.350
TRIGYNTECH	76.150	76.700
UCOBANK	18.900	18.800
UNICHEMLAB	203.650	204.200
VESUVIUS	1204.550	1201.750
VOLTAS	602.800	602.500
WIPRO	256.800	256.850
ZEETELE	450.550	449.800
KERALA BASED		
APOLLOTYRE	223.100	223.000
AVTNPL	26.100	26.150
Cochin minerals	200.000	0.000
COCHINSHIP	384.200	383.100
Dhan bank	17.100	17.250
Eastern Treads	44.350	0.000
Fact	36.100	36.100
FEDERALBNK	90.200	90.000
GEOJIT	43.200	43.350
Gtn textiles	8.850	11.200
HARMALA	76.900	76.900
INDITRADE	40.900	0.000
Kera ayu	65.900	0.000
Kitex	104.850	104.650
Kse ltd.	1512.000	0.000
Manapuram	118.000	118.150
Muthoot capital	906.950	908.550
Muthootfin	595.400	595.500
Nitta gelatin	139.800	0.000
Patspin india	11.420	11.200
RUBFILA INTL [BSE]	44.350	0.000
SIB	15.140	15.150
Sree sakthi paper	6.350	0.000
Vertex	1.760	0.000
Vguard	214.950	214.950
WONDERLA	308.050	308.300

ശാസ്ത്രകൗമുദി

കാത്സ്യത്തിൽ കാര്യമുണ്ട്

കാത്സ്യത്തെക്കുറിച്ച് പറയാൻ ഏറെയുണ്ട്. അസ്ഥികളുടെ ബലത്തിനും ഉറപ്പിനും ആവശ്യമുള്ള ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് കാത്സ്യം. കുട്ടികൾ, ഗർഭിണികൾ, സ്ത്രീകൾ, രോഗികൾ എന്നിവർക്ക് കാത്സ്യം അത്യന്താപേക്ഷിതമാണ്. പക്ഷേ, ആവശ്യമുള്ള കാത്സ്യത്തിന്റെ അളവ് വ്യത്യാസപ്പെടുമെന്ന് മാത്രം. മുതിർന്നവർക്ക് ഒരു ദിവസം ഏകദേശം 1000-1200 mg/day കാത്സ്യമാണ് വേണ്ടത്. പേശികളുടെയും ഞരമ്പുകളുടെയും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും കാത്സ്യത്തിന് പ്രവർത്തിക്കാനേറെയുണ്ട്. ഓറഞ്ച്, അവക്കാഡോ, പഞ്ഞിപ്പുല്ല്, എള്ള്, ഉഴുന്ന്, ഫ്ലാക്സീഡ്, ബദാം, പയർ, പരിപ്പ് വർഗങ്ങൾ, ചെറുമത്സ്യങ്ങൾ, മുരിങ്ങയില, മത്തി, മൾബറി തുടങ്ങിയവയിൽ കാത്സ്യം ധാരാളമുണ്ട്. രോഗപ്രതിരോധശേഷി ഉറപ്പാക്കുന്നതിലും കാത്സ്യം മനുഷ്യശരീരത്തിൽ ആവശ്യമാണ്. കുട്ടികൾക്ക് പാൽ നൽകണമെന്ന് പറയുന്നതിന്റെ കാര്യവും കാത്സ്യം മതിയായ അളവിൽ ശരീരത്തിൽ എത്തണമെന്നതുകൊണ്ടാണ്.

Kaumudy

കൗമുദി ടിവി

6.00 മഹാഗുരു
6.26 am, pm ദൈവദശകം
6.30 ദേവാമൃതം
7.00 ജീസസ് ഈസ് എലൈവ്
7.30 പ്രണവം
8.30 ന്യൂസ്ട്രാക്ക്
9.00 മഹാഗുരു
9.30 ടർബോ ടാങ്ക് ക്ലീനർ
12.30 സാൾട്ട് ആന്റ് പെപ്പർ
1.30 തപോവൃദ്ധ ആശ്രമം
2.00 ലേഡീസ് അവർ
3.00 കേരള ലോട്ടറി ഫലം ലൈവ്
4.00 ഹരിതം സുന്ദരം
5.00 പുതിയ പാട്ട്
5.30 ഡ്രീം ഡ്രൈവ്
6.00 ഓ മൈ ഗോഡ്
6.30 ദേവാമൃതം
7.00 നാം മുന്നോട്ട്
7.30 സ്നേക്ക് മാസ്റ്റർ
8.00 ഫിലിം ബോക്സ്
8.30 സാൾട്ട് ആന്റ് പെപ്പർ
9.00 നേർക്കണ്ണ്

Chungath
JEWELLERY
സ്വയംവരം
SAT - SUN
8:00PM

ഡിഡി മലയാളം

7.00 കൃഷിദർശൻ
8.30 സുദിനം
11.05 സൂപ്പർ കോമഡി ചലഞ്ച്

ഏഷ്യാനെറ്റ്

6.15 ബെസ്റ്റ് ഓഫ് കോമഡി സ്റ്റാഴ്സ്
6.45 പാഥേയം
7.00 കസ്തൂരിമാൻ
7.30 കണ്ണന്റെ രാധ
8.00 നീലക്കുയിൽ

ന്യൂസ്

8.00 വാർത്താ പ്രഭാതം
8.30 ചുറ്റുവട്ടം
12.30 നേർക്കുനേർ
2.30 ഡോ. ലൈവ്

ഏഷ്യാനെറ്റ് പ്ലസ്

6.00 നക്ഷത്രഫലങ്ങൾ
6.30 ഗീതാഞ്ജലി
3.30 ഫിലിമി തമാശ
4.00 ഗീതാഞ്ജലി
4.30 ഫിലിമി തമാശ
5.00 ഗീതാഞ്ജലി
6.30 ഫിലിമി തമാശ

ANIMAL PLANET

07:00 Too cute
08:00 My Cat from Hell
10:00 Dr jeff rocky mountain vet
11:00 The zoo
12:00 Crickey its the irvins
3:00 I was prey
5:00 Animal cribs
7.00 Animal cribs
8.00 Animal cribs

സിനിമ

ഏഷ്യാനെറ്റ് hd: 9.00 സ്നേഹവീട്

ഏഷ്യാനെറ്റ് മൂവിസ്: 9.30 കോട്ടയം കുഞ്ഞച്ചൻ 12.00 രസതന്ത്രം 2.30 വാത്സല്യം 7.00 കിരീടം 9.30 കടൽ കടന്നൊരു മാത്തുക്കുട്ടി

ഏഷ്യാനെറ്റ് : 9.00 സ്നേഹവീട്

ഏഷ്യാനെറ്റ് പ്ലസ്: 9.30 അഗ്നിദേവൻ 1.00 കുഞ്ഞിരാമായണം 4.00 അനന്തഭദ്രം 7.00 ജമ്നാപ്യാരി 10.00 വന്ദനം

എസിവി: 9.00 ട്വന്റി ട്വന്റി ഫീമെയിൽ കോട്ടയം 2.00 മോളി ആന്റി റോക്സ് 9.30 കരിങ്കുന്നം സിക്സസ്

ജൂക്ക്ബോക്സ്: 6.30 DUATTU (തമിഴ്)

റോസ്ബൗൾ: 6.00 22 ഫീമെയിൽ കോട്ടയം

കൈരളി : 9.00 ബില്ലാ 2

WE : 09.30 വിഷ്ണു

നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2019 മാർച്ച് 15 വെള്ളി)

മേടം : *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*
വ്യാപാര വ്യവസായങ്ങൾക്ക് അനുകൂല സമയമല്ല. സ്വപ്നസാക്ഷാത്കാരമുണ്ടാകും. ദൂരയാത്ര നടത്തും.

ഇടവം: *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*
കാര്യങ്ങൾ സഫലമാകും. അംഗീകാരങ്ങൾക്കു കാലതാമസം, സദ്ചിന്തകൾ വർദ്ധിക്കും.

മിഥുനം : *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*
ആശ്രയിച്ചുവരുന്നവർക്കു അഭയം നൽകും. പരിശ്രമങ്ങൾ വിജയിക്കും.

കർക്കടകം: *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*
സത്സന്താന ഭാഗ്യം, നല്ല സഹായികളെ കിട്ടും, വേണ്ടപ്പെട്ടവർ വിട്ടുനിൽക്കും.

ചിങ്ങം : *(മകം, പൂരം, ഉത്രം കാൽ ഭാഗം)*
വ്യവസ്ഥകൾക്കതീതമായി പ്രവർത്തിക്കും. നിസ്വാർത്ഥസേവനത്താൽ കീർത്തി, ആരോഗ്യം ശ്രദ്ധിക്കണം.

കന്നി : *(ഉത്രം അവസാന മുക്കാൽഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)*
പ്രവർത്തന മേഖലയിൽ ആദരവ് വർദ്ധിക്കും, നഷ്ടസാദ്ധ്യതകൾ വിലയിരുത്തും. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങും.

തുലാം : *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*
സുഹൃത്തുക്കളെ സഹായിക്കും. കൂട്ടുകച്ചവടത്തിൽ പരാജയം. മറ്റുള്ളവരുടെ കഴിവിനെ അംഗീകരിക്കും.

വൃശ്ചികം : *(വിശാഖം അവസാനകാൽഭാഗം, അനിഴം, തൃക്കേട്ട)*
ആത്മസംതൃപ്തി ഉണ്ടാകും. ദാമ്പത്യസൗഖ്യം. ജോലിയിൽ ഉയർച്ച.

ധനു: (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)
സാമ്പത്തിക നേട്ടം, പ്രവർത്തനങ്ങളിൽ വിജയിക്കും. അംഗീകാരം ലഭിക്കും.

മകരം: *(ഉത്രാടം അവസാന മുക്കാൽഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).*
അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കും. ഉദ്യോഗത്തിൽ സ്ഥാനക്കയറ്റം, ആരോഗ്യം ശ്രദ്ധിക്കണം.

കുംഭം: *(അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*
പ്രവർത്തനങ്ങൾ സജീവമാകും, ദേവാലയ സന്ദർശനം. പുനഃപരീക്ഷയിൽ വിജയം.

മീനം: *(പൂരുരുട്ടാതി അവസാന കാൽഭാഗം, ഉത്രട്ടാതി, രേവതി).* ഉപരിപഠനത്തിനു സാദ്ധ്യത. ജീവിതപങ്കാളിയുമായി ഇടയും. വ്യാപാരവ്യവസായ മേഖലയിൽ പുരോഗതി.

- ഗോപകുമാർ ശർമ്മ